# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *584** **28/03/2018-ൽ മറുപടിക്ക്**

## ലോകാരോഗ്യ സംഘടനയുടെ ഡെങ്കി പഠനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ<br>ഡോ.എം. കെ. മുനീർ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) 2017 -ലെ ഡെങ്കി പനി ബാധയെക്കുറിച്ച് വിശദമായി പഠിക്കുന്നതിനും നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനും ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജുമായി ചേർന്ന് പഠനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | എ) നൽകിയിട്ടുണ്ട്. |
| ബി) സംസ്ഥാനത്തെ ഏതെല്ലാം ഏജൻസികളാണ് വകുപ്പുമായി ചേർന്ന് ഈ പഠനം നടത്തുന്നതെന്നറിയിക്കാമോ; | ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗമാണ് പഠനത്തിന്റെ നോഡൽ ഏജൻസി. ആരോഗ്യവകുപ്പ്, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ തന്നെ മൈക്രോബയോളജി, പീഡിയാട്രിക്സ്, ഇൻഫക്ഷ്യസ് ഡിസ്സീസസ് വിഭാഗങ്ങളും പഠനത്തിൽ പങ്കെടുക്കുന്നുണ്ട്. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ-ടെക്നോളജിയാണ് പഠനത്തിന്റെ വൈറോളജി ഭാഗം കൈകാര്യം ചെയ്യുന്നത്. VCRC (Vector Control Research Centre) കോട്ടയം, സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, തിരുവനന്തപുരം എന്നീ ഏജൻസികളും, തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നീ സർക്കാർ വകുപ്പുകളും പഠനത്തെ സഹായിക്കുന്നുണ്ട്. |
| സി) പ്രസ്തുത പഠനത്തിന്റെ ചെലവ് വഹിക്കുന്നത് ലോകാരോഗ്യ സംഘടനയാണോ അതോ സംസ്ഥാന സർക്കാരാണോ എന്ന് വ്യക്തമാക്കാമോ; | സി) നിലവിൽ പഠനത്തിന്റെ ചെലവ് പൂർണ്ണമായും ലോകാരോഗ്യ സംഘടനയാണ് വഹിക്കുന്നത്. |
| ഡി) ഈ പഠനത്തിന് എത്ര തുക സർക്കാർ വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത | ഡി) ഈ പഠനത്തിനായി സർക്കാർ ഇതുവരെ തുക ഒന്നും തന്നെ വകയിരുത്തിയിട്ടില്ല. പ്രസ്തുത |

പഠനത്തിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു

പഠനത്തിന് അംഗീകാരം നൽകുകയും അതിനോട് സഹകരിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിക്കുകയാണ് സർക്കാർ തലത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടി.

നമ്മുടെ സംസ്ഥാനത്തിൽ കണ്ടുവരുന്ന ഡെങ്കിപ്പനിബാധയുടെ വിശദാംശങ്ങളെ കുറിച്ചുള്ള ഒരു സമഗ്രമായ പഠനമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

രോഗം പിടിപെടാനുള്ള സാഹചര്യങ്ങൾ, രോഗലക്ഷണങ്ങൾ, സങ്കീർണ്ണതകളും മരണവുമുണ്ടാകാനുള്ള കാരണങ്ങൾ, അവ മുൻകൂട്ടി അറിയുവാനും തടയുവാനും സഹായിക്കുന്ന മാർഗ്ഗങ്ങൾ, വൈറസിന്റെ ജനിതക ഘടന ഉൾപ്പെടെയുള്ള പ്രത്യേകതകൾ അവ രോഗത്തിന്റെ സ്വഭാവത്തെ സ്വാധീനിക്കുന്നുണ്ടോ എന്ന കണ്ടെത്തലുകൾ, വൈറസ് പരത്തുന്ന കൊതുകുകളുടെ പ്രത്യേകതകൾ, ഇവ കൂടാതെ നമ്മുടെ നാട്ടിൽ രോഗം കൂടിവരാനുള്ള സാഹചര്യങ്ങൾ, ജനങ്ങൾക്ക് ഇതിനെക്കുറിച്ചുള്ള അറിവ്, ചികിത്സ തേടുന്ന രീതി, പ്രതിരോധ പ്രവർത്തനങ്ങൾ ഇവയെക്കുറിച്ചെല്ലാം വിശദവും സമഗ്രവുമായി പഠനം നടത്തും. ഇതുവഴി രോഗപ്രതിരോധം, സങ്കീർണ്ണതകളും മരണങ്ങളും ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ, മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കൽ തുടങ്ങിയ നടപടികൾക്കായി ശാസ്ത്രീയ തെളിവുകളെ അടിസ്ഥാനപ്പെടുത്തിയുള്ള നയപരമായ തീരുമാനങ്ങൾ എടുക്കുവാൻ സർക്കാരിനാകും.

രണ്ട് ഘട്ടമായി നടക്കുന്ന പഠനത്തിന്റെ പ്രോട്ടോകോൾ ലോകാരോഗ്യ സംഘടന അംഗീകരിച്ചിട്ടുണ്ട്. അതിനായി തയ്യാറാക്കിയ ബഡ്ജറ്റ് അംഗീകരിക്കുകയും ആദ്യഗഡു അനുവദിക്കുകയും ചെയ്തു.

ഒന്നാം ഘട്ടത്തിന്റെ ഉദ്ദേശമായ സംസ്ഥാനത്തെ ഡെങ്കിബാധയുടെ പ്രാചുര്യം നിർണ്ണയിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ സ്കൂൾ കുട്ടികളുടെ ഇടയിൽ സർവ്വേ നടപടികൾ പൂർത്തിയായിരിക്കുന്നു. കൊല്ലം ജില്ലയിൽ സർവ്വേ നടത്തുവാനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിരിക്കുന്നു.

സൂക്ഷ്മാംശങ്ങൾ, രൂപരേഖ ഇവ രാജ്യത്തിന് അകത്തും പുറത്തുമുള്ള വിദഗ്ദരുടെ ഒരു

പാനൽ രൂപീകരിച്ച് തയ്യാറാക്കി-കൊണ്ടിരിക്കുകയാണ്. പഠനത്തിൽ ഉൾപ്പെടുത്തുന്ന ആശുപത്രികളുടെ തെരഞ്ഞെടുപ്പ് സംബന്ധമായ നടപടി-ക്രമങ്ങളും നടന്ന് കൊണ്ടിരിക്കുന്നു.

| | |
|---|---|
| **ഇ)** ഇതു സംബന്ധിച്ച് പഠനം നടത്തി സർക്കാരിന് എന്നത്തേക്ക് റിപ്പോർട്ട് സമർപ്പിക്കും എന്ന് അറിയിക്കാമോ? | **ഇ)** ആദ്യഘട്ടത്തിന്റെ ഫലങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് ജൂൺ മാസത്തോടെയും രണ്ടാം ഘട്ട റിപ്പോർട്ട് ഈ വർഷം അവസാനത്തോടെയും ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**